പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 536 | 29 -06 -2011 - ൽ മറുപടിയ്ക്ക് |
|---|---|

## ആറ്റിങ്ങൽ മണ്ഡലത്തിലെ കേശവപുരം, മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ : | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിൽ വരുന്ന കേശവപുരം, മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ 24 മണിക്കൂറും പ്രവർത്തിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേശവപുരം, മണമ്പൂർ സി.എച്ച്.സി.കളിൽ ആവശ്യത്തിന് ഡോക്ടർമാരോ പാരാമെഡിക്കൽ സ്റ്റാഫോ ഇല്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | കേശവപുരം കമ്മ്യൂണിറ്റി സെന്ററിൽ സിവിൽ സർജന്റെ ഒരു ഒഴിവും മറ്റ് സ്റ്റാഫിന്റെ 7 ഒഴിവുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് മണമ്പൂർ കമ്മ്യൂണിറ്റി സെന്ററിൽ നിലവിൽ ഒഴിവുകൾ ഒന്നും തന്നെ ഇല്ല. |
| (സി) | എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (സി) | ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത സി.എച്ച്.സി.കളിൽ സ്ഥിരം നിയമനങ്ങൾക്ക് കാലതാമസം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഉണ്ട്. പി.എസ്.സി.യിൽ നിന്നുള്ള അഡ്വൈസ് മെമ്മോ കിട്ടുന്ന മുറയ്ക്ക് സ്ഥിരനിയമനം നൽകുന്നതാണ്. |
| (ഇ) | എങ്കിൽ എൻ.ആർ.എച്ച്.എം.ൽ നിന്നും ഡോക്ടർമാരെ നിയമിച്ച് താൽക്കാലിക പ്രതിസന്ധി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | | നിലവിലുള്ള ഒരു ഡോക്ടറുടെ ഒഴിവ് ഇതിനോടകം നികത്തുകയും മറ്റ് ഒഴിവുകൾ നികത്താനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.